**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ**
**നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : ഡോ പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയും നിലവിലെ ഡെപ്യൂട്ടി റേഞ്ച് ഓഫീസർക്ക് സ്ഥലമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 01-10-2018 തീയതി പ്രാബല്യത്തിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 27-07-2021 തീയതിയിലെ ഇ7-12970/2018 നമ്പർ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
2. ഈ ഓഫീസിലെ 06.02.2026-ലെ ഇ4-100/2026 നമ്പർ ഉത്തരവ്.
3. തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്ററ് കൺസർവേറ്ററുടെ 06.02.2026 തീയതിയിലെ E1- 901/2025 നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇ4-100/2026 തീയതി : 21-02-2026**

വനം വകുപ്പിൽ നിന്നും 28-02-2026 തീയതിയിൽ ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സർവീസിൽ നിന്നും വിരമിക്കുന്നുണ്ട്. അപ്രകാരം 01.03.2026- ന് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഒരു ഒഴിവ് വനം വകുപ്പിൽ നിലവിൽ വരുന്നതാണ്. സൂചന (1) പ്രകാരമുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ 495 വരെയുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സൂചന (2) ഉത്തരവ് പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ടി സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ **442** ആയ ശ്രീ അരുണ കുമാർ ടി. കെ.- യുടെ സെക്ഷൻ ഫോറസ്ററ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതിനാൽ ടിയാനെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം കത്ത് പ്രകാരം തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്ററ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ള ചുവടെപ്പറയുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കു 41300-87000 ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി **01.03.2026 തിയതി** പ്രാബല്യത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|
| 1. | ശ്രീ അരുണ കുമാർ ടി. കെ. (PEN 162660) | 442 |

മേൽപ്പറഞ്ഞ ജീവനക്കാരന്റെ സ്ഥാനക്കയറ്റം തീർത്തും താൽക്കാലികമായിരിക്കും. താൽക്കാലിക പ്രൊമോഷൻ ലഭിച്ചുവെന്ന കാരണത്താൽ ഭാവിയിലെ പ്രൊമോഷൻ / സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും ഇവർക്ക് യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി തെരെഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ നിശ്ചിത ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി തരംതാഴ്ത്തുമ്പോൾ അതനുസരിച്ച് മേൽ പരാമർശിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ചവരെ സീനിയോരിറ്റി അടിസ്ഥാനത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരംതാഴ്ത്തുന്നതാണ്.

താഴെപ്പറയുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് സ്ഥലംമാറ്റവും, താൽക്കാലിക നിയമനവും നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, PEN, തസ്തിക, നിലവിൽ ജോലി നോക്കുന്ന ഓഫീസ് | സ്ഥാനക്കയറ്റം /സ്ഥലമാറ്റം | സ്ഥാനക്കയറ്റം /സ്ഥലമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീ മനോജ് ആർ എസ് (PEN 424839) ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷൻ അച്ചൻകോവിൽ റേഞ്ച് അച്ചൻകോവിൽ ഡിവിഷൻ | **സ്ഥലമാറ്റം** | വീയപുരം ഡിപ്പോ പുനലൂർ ടിംബർ സെയിൽസ് ഡിവിഷൻ (01.03.2026 ന്റെ നിലവിൽ വരുന്ന ഒഴിവിൽ) |
| 2. | ശ്രീ അരുണ കുമാർ ടി കെ (PEN 162660) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ചാലക്കുടി | **സ്ഥാനക്കയറ്റ നിയമനം** | കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷൻ അച്ചൻകോവിൽ റേഞ്ച് അച്ചൻകോവിൽ ഡിവിഷൻ (ശ്രീ മനോജ് ആർ എസ്, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറെ സ്ഥലമാറ്റിയ ഒഴിവിൽ 01-03-2026 തീയതി |

| | | | |
|---|---|---|---|
| | | | പ്രാബല്യത്തിൽ) |

ക്രമ നമ്പർ 1 പ്രകാരമുള്ള ജീവനക്കാരന്റെ സ്ഥലമാറ്റം അപേക്ഷ പ്രകാരമായതിനാൽ പ്രവേശനകാലത്തിനു അർഹതയില്ല. ചട്ടപ്രകാരം യാത്രാപ്പടിക്ക് അർഹതയുണ്ട്. **ടി ജീവനക്കാരെ 01.03.2026-നോ അതിനുശേഷമോ മാത്രമേ വിടുതൽ ചെയ്യാൻ പാടുള്ളൂ.**

Signed by
Pramod G Krishnan
Date: 21-02-2026 17:29:10

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

To

**വ്യക്തിക്ക് മേലധികാരി മുഖേന നൽകുന്നു.**

പകർപ്പ് :
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FB &A) അറിവിനായി നൽകുന്നു
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FM) അറിവിനായി നൽകുന്നു.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നു.
5. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
6. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം/ ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശ്ശൂർ/ ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/ നോർത്തേൺ സർക്കിൾ, കണ്ണൂർ/ ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം/പാലക്കാട് എന്നിവർക്ക് നൽകുന്നു.
7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/ വൈൽഡ് ലൈഫ് വാർഡൻമാർ/
   ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ ഈസ്റ്റ്/ പെരിയാർ വെസ്റ്റ്/ പറമ്പിക്കുളം എന്നിവർക്ക് നൽകുന്നു.
7. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ/ വാളയാർ.
8. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി.)യ്ക്ക് നൽകുന്നു. വനം വകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി.
9. ഫയൽ/ സ്റ്റോക്ക് ഫയൽ